പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1738 16-06-2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കള്ളുഷാപ്പുകൾ തൊഴിലാളികളുടെ കമ്മിറ്റികൾക്കു നൽകുന്നതിന് നടപടി

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആകെയുള്ള കള്ളുഷാപ്പുകൾ എത്രയാണ്; | (എ) | സംസ്ഥാനത്താകെ 5193 കള്ള്ഷാപ്പുകൾ നിലവിലുണ്ട്. |
| (ബി) | ഇതിൽ ലൈസൻസുള്ളവ എത്രയാണ്; | (ബി) | ഇതിൽ 3783 കള്ള്ഷാപ്പുകൾക്ക് ലൈസൻസുണ്ട്. |
| (സി) | ലൈസൻസിൽ പോകാതെ തൊഴിലാളി കമ്മിറ്റികൾ നടത്തുന്ന കള്ളുഷാപ്പുകൾ എത്ര; | (സി) | തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ഡിപ്പാർട്ടുമെന്റൽ മാനേജ്മെന്റ് കമ്മിറ്റി നടത്തുന്ന കള്ളുഷാപ്പുകൾ എത്ര; | (ഡി) | 227 കള്ള്ഷാപ്പുകൾ ഡിപ്പാർട്ട്മെന്റൽ മാനേജ്മെന്റിൽ നടത്തുന്നു. |
| (ഇ) | ലൈസൻസിൽ പോകാതെ വരുന്ന കള്ളുഷാപ്പുകൾ തൊഴിലാളി കമ്മിറ്റികൾ നടത്തുന്നതിന് കാലതാമസം വരുന്നത് പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ഇ) (എഫ്) & (ജി) | വിറ്റുപോകാത്ത കള്ള്ഷാപ്പുകൾ 50% വരെ റെന്റൽ തുക കുറച്ച് വിൽപ്പന നടത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നിട്ടും വിറ്റുപോകാത്ത കള്ള്ഷാപ്പുകൾ നാമമാത്രമായ റെന്റലിന് തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിച്ചു നൽകുന്നതിന് 26/05/14-ലെ ജി.ഒ.(പി)നം.74/14/റ്റിഡി (എസ്.ആർ.ഒ-314/2014) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |
| (എഫ്) | ലൈസൻസിൽ പോകാതെ വരുന്ന കള്ളുഷാപ്പുകൾ ലേലസ്ഥലത്തുവച്ചു തന്നെ തൊഴിലാളികമ്മിറ്റികൾക്കു നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | | |
| (ജി) | എങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ